## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.312 23/01/2018 -ലെ മറുപടിയ്ക്ക്

### തൃശ്ശൂർ മെഡിക്കൽ കോളേജിലെ റേഡിയേഷൻ ചികിത്സ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ഗീതാ ഗോപി** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ ക്യാൻസർ രോഗികൾക്ക് സൗജന്യമായി റേഡിയേഷൻ ചികിത്സ നല്കുന്ന ഉപകരണം പലപ്പോഴായി പ്രവർത്തന രഹിതമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2004 ൽ സ്ഥാപിതമായ റേഡിയേഷൻ മെഷിന് 14 വർഷത്തെ കാലപഴക്കമുണ്ട്. കാലപഴക്കംമൂലമുള്ള തകരാറുകളാണ് പലപ്പോഴും ഉണ്ടായിട്ടുള്ളത്. അടുത്ത കാലത്ത് ഇടിമിന്നലിനെ തുടർന്ന് വോൾട്ടേജ് വ്യതിയാനം മൂലം മെഷീൻ തകരാറിലാവുകയും തുടർച്ചയായി കഴിഞ്ഞ രണ്ടര മാസത്തോളമായി റേഡിയേഷൻ മെഷീൻ പ്രവർത്തനരഹിതമാകുകയും ചെയ്തു. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സ മുടക്കം കൂടാതെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ: | (ബി) | 2017 മാർച്ച് മാസത്തിൽ റേഡിയേഷൻ മെഷീൻ പൂർണ്ണമായും നന്നാക്കുകയും അതിന്റെ സ്രോതസ് മാറ്റി പുതിയ സ്രോതസ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ റേഡിയേഷൻ സേഫ്റ്റി ഓഫീസറെ ആഴ്ചയിൽ രണ്ട് ദിവസത്തേക്ക് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയോതെറാപ്പി വിഭാഗത്തിലേക്ക് താത്കാലികമായി നിയോഗിച്ചിട്ടുണ്ട്. |
| (സി) | കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കുമുള്ള വിദഗ്ദ ഡോക്ടർമാരുടെ സേവനം അവിടെ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.വിദഗ്ദചികിത്സ ലഭ്യമാക്കുന്നതിന് 10 അദ്ധ്യാപക തസ്തികകളും 11 നഴ്സ് തസ്തികകളും തൃശ്ശൂർ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ